**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2332 | 19/07/2016 -ൽ മറുപടിയ്ക്ക്

## ഓണക്കാലത്തെ പച്ചക്കറി ലഭ്യത വർധിപ്പിക്കുന്നത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| എ) | ഓണക്കാലം ലക്ഷ്യമാക്കി പച്ചക്കറി ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഉല്പാദന വർദ്ധനവിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; | എ) | ഈ വരുന്ന ഓണക്കാലത്ത് സുരക്ഷിത പച്ചക്കറികൾ നല്ല പരിപാലനമുറകൾ അവലംബിച്ച് ഉല്പാദിപ്പിച്ച് പൊതു ജനങ്ങളിലെത്തിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് "ഓണ സമൃദ്ധി പദ്ധതി" നടപ്പിലാക്കുന്നുണ്ട്. 15000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്ത് 85000 ടൺ വിഷരഹിത പച്ചക്കറി ഓണക്കാലത്ത് വിപണിയിലെത്തിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| ബി) | പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും കൃഷിവകുപ്പും അനുബന്ധ ഏജൻസികളും ചേർന്ന് പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ? | ബി) | പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് കൃഷി വകുപ്പും അനുബന്ധ ഏജൻസികളും ചേർന്ന് പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് . |

S. [signature]
**സെക്ഷൻ ഓഫീസർ**